# പതിനാലാം കേരളനിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2356 — 19.07.2016-ൽ മറുപടിയ്ക്ക്.

## ജൈവ വൈവിദ്ധ്യ രജിസ്റ്റർ

| **ചോദ്യം**<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.വി.പി.സജീന്ദ്രൻ | | **മറുപടി**<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജൈവ വൈവിദ്ധ്യ രജിസ്റ്റർ സൂക്ഷിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ; | (എ) | ഉണ്ട്.<br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജൈവ വൈവിദ്ധ്യ രജിസ്റ്റർ തയ്യാറാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് അതാതു പഞ്ചായത്തുകളിലെ ജൈവ വൈവിദ്ധ്യ പരിപാലന സമിതികളുടെ (ബി.എം.സി കൾ- ജൈവ വൈവിദ്ധ്യപരിപാലന സമിതികൾ) നേതൃത്വത്തിൽ നടപ്പിലാക്കി വരുന്നു. കേന്ദ്ര ജൈവ വൈവിദ്ധ്യ ചട്ടങ്ങൾ 2004, ചട്ടം 22 (10) സംസ്ഥാന ജൈവ വൈവിദ്ധ്യ ചട്ടങ്ങൾ 2008, ചട്ടം 20 (11) എന്നിവ പ്രകാരം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തയ്യാറാക്കുന്ന ജൈവ വൈവിദ്ധ്യ രജിസ്റ്ററുകളുടെ സൂക്ഷിപ്പുകാർ അതാതു പഞ്ചായത്തുകളിലെ ബി.എം.സി കളാണ്. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാൻ ഉദ്ദേശിച്ചത്; വിശദമാക്കുമോ; | (ബി) | പ്രാദേശിക തലത്തിൽ തയ്യാറാക്കപ്പെടുന്ന ജൈവ വൈവിദ്ധ്യ രജിസ്റ്ററുകൾ ക്രോഡീകരിച്ച് ജില്ലാതല ജൈവ വൈവിദ്ധ്യ ഡേറ്റാ ബേസ് തയ്യാറാക്കുക, ബി.എം.സി കൾ മുഖാന്തിരം ജൈവ വൈവിദ്ധ്യ രജിസ്റ്ററുകൾ അടിസ്ഥാനമാക്കി പ്രാദേശിക തലത്തിൽ ജൈവ വൈവിദ്ധ്യ സംരക്ഷണ കർമ്മ പദ്ധതികൾക്ക് രൂപം നൽകി നടപ്പിലാക്കുക, തദ്ദേശീയമായ ജൈവ |

| | | | |
|---|---|---|---|
| | | | വിഭവങ്ങൾ, തത്സംബന്ധമായ പരമ്പരാഗത അറിവുകൾ തുടങ്ങിയവ പുറമേയുള്ള വ്യക്തികൾക്കോ, ഏജൻസികൾക്കോ പ്രാപ്യമാകാതെ സംരക്ഷിക്കുക എന്നിവയാണ് ജൈവ വൈവിദ്ധ്യ രജിസ്റ്റർ തയ്യാറാക്കുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| (സി) | ഇതു നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദീകരിക്കാമോ ? | (സി) | എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ജൈവ വൈവിദ്ധ്യ രജിസ്റ്റർ തയ്യാറാക്കൽ ഒരു നിർബന്ധിത പദ്ധതിയിക്കിയിട്ടുണ്ട്. ജൈവ വൈവിദ്ധ്യ രജിസ്റ്റർ തയ്യാറാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരുടെ തനതു ഫണ്ടിൽ നിന്നോ പ്ലാൻ ഫണ്ടിൽ നിന്നോ തുക വിനിയോഗം ചെയ്യുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ജൈവ വൈവിദ്ധ്യ രജിസ്റ്റർ തയ്യാറാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് പരമാവധി 1,25,000/- രൂപ (ഒരു ലക്ഷത്തി ഇരുപത്തയ്യായിരം രൂപ മാത്രം) യും കോർപ്പറേഷനുകൾക്ക് 5,00,000/- രൂപ (അഞ്ച് ലക്ഷം രൂപ മാത്രം) യും ചെലവഴിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.